**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

### ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം-2024 അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കാൻ അവസരം

**19.12.2024**-ലെ ഈ ഓഫീസ് വിജ്ഞാപനത്തിന്റെ തുടർച്ചയായി, ബിഫാം (ലാറ്ററൽ എൻട്രി) അപേക്ഷകർക്ക് അവരുടെ പേര്, ഫോട്ടോ, ഒപ്പ് എന്നിവയ്ക്ക് പുറമേ നാഷണാലിറ്റി, നേറ്റിവിറ്റി, സംവരണാനുകൂല്യങ്ങൾ, ഫീസ് ഇളവുകൾ എന്നിവ തെളിയിക്കുന്നതിനായി അപ്‌ലോഡ് ചെയ്ത രേഖകൾ പരിശോധിക്കാവുന്നതാണ്. പേര്, ഫോട്ടോ, ഒപ്പ് എന്നിവയിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ **26.12.2024-ന് മുമ്പ്** സാധുവായ രേഖകൾ/ശരിയായ ഫോട്ടോ/ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്ത് അവ പരിഹരിക്കേണ്ടതാണ് (**19.12.2024** തീയതിയിലെ വിജ്ഞാപനം കാണുക). അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ എന്തെങ്കിലും അപാകതകൾ ഉള്ളവർ **31.12.2024, 5.00 PM**-ന് മുൻപായി സാധുവായ രേഖകൾ അപ്‌ലോഡ് ചെയ്ത് അപാകതകൾ പരിഹരിക്കേണ്ടതാണ്.

**'BPharm (LE) 2024-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം വെബ്പേജിൽ അപേക്ഷാ നമ്പറും പാസ്സ്‌വേഡും നൽകിയാൽ അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ വിശദാംശങ്ങൾ കാണാൻ കഴിയും. ഹോംപേജിലെ **'Memo details'** എന്ന ലിങ്ക് വഴി അപേക്ഷകർക്ക് ശരിയായ ഫോട്ടോ/ഒപ്പ്, സാധുവായ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇ-മെയിൽ/തപാൽ/നേരിട്ട് സമർപ്പിക്കുന്ന രേഖകൾ ഒരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Sudhir K
Date: 24-12-2024 15:57:31

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**24-12-2024**